

# ചോദ്യോത്തരം
## സ്വഹാബത്തിന്റെ മാതൃക

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

عن نافع أن رجلا سأل ابن عمر عن مسالة فطأطأ ابن عمر رأسه ولم يجبه حتى ظن الناس أنه لم يسمع مسألته. قال فقال له: يرحمك الله أما سمعت مسألتي؟ قال: بلى، ولكنكم كأنكم ترون أن الله ليس بسائلنا عما تسألوننا عنه. اتركنا يرحمك الله حتى نتفهم في مسألتك فإن كان لها جواب عندنا وإلا أعلمناك أنه لا علم لنا به.

[الطبقات الكبرى لابن سعد]

നാഫിഅ് رَحِمَهُ ٱللَّهُ പറയുന്നു: ഒരു മനുഷ്യൻ ഇബ്നു ഉമർ رَضِيَ ٱللَّهُ عَنۡهُمَا യോട് ഒരു വിഷയത്തെക്കുറിച്ച് ചോദിച്ചു. അപ്പോൾ ഇബ്നു ഉമർ رَضِيَ ٱللَّهُ عَنۡهُمَا തന്റെ തലതാഴ്ത്തി നിന്നു, അയാൾക്ക് മറുപടി നൽകിയില്ല. അയാളുടെ ചോദ്യം അദ്ദേഹം കേട്ടിട്ടില്ലെന്ന് ആളുകൾ കരുതുവോളം അങ്ങനെ നിന്നു.

അപ്പോൾ അയാൾ വീണ്ടും ചോദിച്ചു: അല്ലാഹു താങ്കൾക്ക് കരുണ ചൊരിയട്ടെ, എന്റെ ചോദ്യം താങ്കൾ കേട്ടില്ലേയോ?

അദ്ദേഹം പ്രതിവചിച്ചു: കേട്ടു, പക്ഷെ നിങ്ങൾ ഞങ്ങളോട് ചോദിക്കുന്ന-തിനെക്കുറിച്ച് അല്ലാഹു നമ്മോട് ചോദിക്കില്ലെന്ന് കരുതുന്ന പോലെയാണ് നിങ്ങളുടെ സ്ഥിതി.

നിങ്ങൾ ചോദിച്ച കാര്യത്തെ ശരിക്ക് മനസ്സിലാക്കിയെടുക്കും വരെ നമ്മെ വെറുതെ വിടൂ - അല്ലാഹു നിങ്ങൾക്ക് കരുണചെയ്യട്ടെ - എന്നിട്ട് നമ്മുടെ പക്കൽ അതിന് ഉത്തരമുണ്ടെങ്കിൽ.., അല്ലാത്ത പക്ഷം നമുക്കത് അറിയില്ല എന്ന് നിങ്ങൾക്ക് വിവരം തരാം.

[ഇബ്നു സഅ്ദ് ത്വബഖാതിൽ ഉദ്ധരിച്ചത്]

💎 ആർക്കും ചോദിക്കാം, എന്തും ചോദിക്കാം എന്നിങ്ങനെ സാഹസിക മുഖാമുഖ-സംവാദ വീരന്മാരല്ല സച്ചരിതരായ സ്വഹാബിമാർ. അവർ അറിവുള്ളവരും അല്ലാഹുവിൽ തികഞ്ഞ ഭയമുള്ളവരുമായിരുന്നു.

💎 അല്ലാഹുവിന്റെ ദീനിനെക്കുറിച്ച് ശരിയായ അറിവുള്ള പണ്ഡിതന്മാർ വിവേകവും അവധാനതയുമുള്ളവരായിരുന്നു.

💎 ജനങ്ങളുടെ ചോദ്യങ്ങൾക്കെല്ലാം മറുപടി പറയൽ പാണ്ഡിത്യ-ത്തിന്റെ അടയാളമായല്ല, മറിച്ച് ഭ്രാന്തിന്റെ ലക്ഷണമായാണ് സ്വഹാബത്ത് കണ്ടിരുന്നത്.

💎 അറിയാത്തത് അറിയില്ല എന്നു പറയാനുള്ള ആർജ്ജവം അറിവിന്റെ പാതിയാണ്.

💎 അല്ലാഹുവിന്റെ ദീൻ ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുമ്പോൾ അല്ലാഹുവിനോട് കണക്കു ബോധിപ്പിക്കേണ്ടിവരുമെന്ന തികഞ്ഞ ബോധം കൂടി അനിവാര്യമാണ്.

💎 ഉത്തരം നൽകി പടപ്പുകളെ തൃപ്തിപ്പെടുത്തലല്ല, റബ്ബിനെ തൃപ്തിപ്പെടുത്തലാണ് ദീൻ പഠിപ്പിക്കുന്നവൻ ലക്ഷ്യമാക്കേണ്ടത്.

💎 ചോദ്യം ചോദിക്കുന്നവരും സുപ്രധാനമായ ഈ പാഠങ്ങൾ മനസ്സിലാക്കി വേണം പണ്ഡിതന്മാരെ സമീപിക്കേണ്ടത്.

— അബൂ തൈമിയ്യഃ ഹനീഫ് ബാവ حفظه الله

04 മുഹർറം 1446 / 10 ജുലൈ 2024

• • • • •

ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജ്
അനുസരിച്ച് മനസ്സിലാക്കുവാനും പഠിക്കുവാനും
ഉതകുന്ന ഗ്രന്ഥങ്ങളും കഴമ്പുള്ള ലേഖനങ്ങളും

ISLAMBOOKS.IN

www.islambooks.in

ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും
വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ

ഖുർആൻ വിവരണം

www.quranvivaranam.com

ഖുർആനും സുന്നത്തും സച്ചരിതരായ പൂർവികർ
മനസ്സിലാക്കിയ പോലെ അതിന്റെ ഏറ്റവും
പരിശുദ്ധാവും വ്യക്തവുമായ രൂപത്തിൽ പഠിക്കാൻ

ilmusSalaf
Darul Hadeeth As-Salafiyya,Kerala

www.ilmussalaf.com